# ന്യൂനപക്ഷ താൽപര്യം സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം: ഇ. അഹമ്മദ്



ഖത്തർ കെ.എം.സി.സി ജില്ലാ കമ്മിറ്റിയുടെയും പി.വി ട്രസ്റ്റിന്റെയും ആഭിമുഖ്യത്തിൽ നരിക്കുനിയിൽ നടന്ന പി.വി മുഹമ്മദ് അനുസ്മരണ സമ്മേളനം കേന്ദ്രമന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു. എം.സി മായിൻ ഹാജി, എം.സി വടകര, എം.എ റസാഖ് മാസ്റ്റർ, വി.എം ഉമ്മർ മാസ്റ്റർ എം.എൽ.എ, ഡോ. വി ഇദ്‌രീസ്, കാരാട്ട് അബ്ദുറസാഖ്, ഹമീദ് വാണിമേൽ സമീപം

നരിക്കുനി: ന്യൂനപക്ഷ താൽപര്യങ്ങൾ സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അതുകൊണ്ടാണ് ന്യൂനപക്ഷ സംരക്ഷണബില്ലിനെക്കുറിച്ച് ചർച്ചകൾ നടക്കുന്നതെന്നും കേന്ദ്ര വിദേശകാര്യ മാനവ വിഭവശേഷി വകുപ്പ് സഹമന്ത്രി ഇ. അഹമ്മദ് പറഞ്ഞു. ന്യൂനപക്ഷങ്ങളുടെ താല്പര്യത്തിന് വേണ്ടി പ്രവർത്തിക്കുന്ന മുസ്‌ലിംലീഗിനെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ സ്വയം നശിക്കുകയാണെന്നും ന്യൂനപക്ഷ കമ്മീഷന് സ്റ്റാറ്റ്യൂട്ടറി പദവി നൽകണമെന്നും അദ്ദേഹം പറഞ്ഞു.

നരിക്കുനിയിൽ നടന്ന പി.വി. മുഹമ്മദ് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പി.വി. ട്രസ്റ്റ് ചെയർമാൻ എം.സി.വടകര അധ്യക്ഷത വഹിച്ചു.

ട്രസ്റ്റ് ഏർപ്പെടുത്തിയ സാമൂഹ്യസേവനത്തിനുള്ള പുരസ്കാരം ഡോ. ഇദ്‌രീസിന് വ്യവസായമന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി സമ്മാനിച്ചു.

ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത നേതാക്കളിൽ ഒരാളാണ് പി.വി. മുഹമ്മദ് എന്നും അദ്ദേഹം മറ്റുള്ളവർക്ക് വേണ്ടിയായിരുന്നു ജീവിച്ചതെന്നും പി.കെ.കുഞ്ഞാലിക്കുട്ടി പറഞ്ഞു. സാധാരണക്കാരെ ലക്ഷ്യം വെച്ചാണ് കേരള സർക്കാർ മുന്നേറുന്നതെന്നും തീരുമാനങ്ങളിലെ വേഗം സർക്കാറിന്റെ ലക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു.

എം.കെ.രാഘവൻ എം.പി, എം.സി.മായിൻഹാജി, വി.എം. ഉമ്മർ മാസ്റ്റർ എം.എൽ.എ, എം.എ. റസാഖ് മാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു. അസീസ് നരിക്കുനി സ്വാഗതവും കെ. സൈതാലി നന്ദിയും പറഞ്ഞു.